# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4036** **24.06.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി, ആദിവാസി കുടുംബങ്ങൾക്ക് ആനുകൂല്യങ്ങളും സഹായങ്ങളും**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.പി.ഉണ്ണി | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ആസന്നമായ കാലവർഷത്തിൽ ജൂൺ ജൂലായ് മാസങ്ങളിൽ സാദ്ധ്യതയുള്ള രൂക്ഷമായ മഴയും വെള്ളപ്പൊക്കവും സംസ്ഥാനത്തെ പട്ടികജാതി, ആദിവാസി കുടുംബങ്ങളെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ളതായി കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അത്തരത്തിൽപ്പെട്ട കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളും നൽകുന്നതിനായാണ് ആലോചിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | കാലവർഷം ആരംഭിക്കുന്ന ജൂൺ മാസം മുതൽ ആഗസ്റ്റ് മാസം വരെ ഭക്ഷ്യസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി അരി, ചെറുപയർ, കടല തുടങ്ങി അവശ്യം വേണ്ടുന്ന ധാന്യങ്ങളും, തേയില, ശർക്കര മുതലായവയും സ്ഥിരമായി പട്ടികവർഗ്ഗ മേഖലയിൽ വിതരണം ചെയ്യുന്നുണ്ട്. ജൂൺ, ജൂലൈ മാസങ്ങളിൽ ഉണ്ടാകുന്ന കാലവർഷക്കെടുതി മൂലം അടിയന്തിര സാഹചര്യം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കാലവർഷക്കെടുതിയിൽപ്പെടുവാൻ സാധ്യതയുള്ള എത്ര എസ്.സി, എസ്.റ്റി. കുടുംബങ്ങൾ പാലക്കാട് ജില്ലയിൽ ഉണ്ടാവുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ; അത്തരം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രത്യേക നടപടികൾ വിശദമാക്കുമോ? | (ബി) | കാലവർഷക്കെടുതി ഉണ്ടായാൽ അതിന്റെ രൂക്ഷത കണക്കിലെടുത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**